അട്ടപ്പാടിയിൽ അനുവദിച്ച പദ്ധതികൾ

306 (679) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ പട്ടികവർഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം എന്നു വിശദമാക്കുമോ ;

(ബി) നടപ്പാക്കിയ പദ്ധതികൾ ഓരോന്നിനും അനുവദിച്ച തുക കൂടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആദിവാസികൾക്ക് സ്വയംപര്യാപ്ത കൈവരിക്കുന്നതിനായുള്ള പദ്ധതി

307 (680) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവർ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(സി) ആധുനിക സാങ്കേതിക വിദ്യ ഇവർക്ക് ലഭ്യമാക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു ടി.എസ്.പി., ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 275(1), പൂൾഡ് ഫണ്ട്, പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്നീ ശീർഷകങ്ങളിൽ നിന്നും ഫണ്ട് ചെലവഴിച്ച് പരിശീലനവും പദ്ധതികളും നടപ്പിലാക്കിവരുന്നു.

ഇപ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly